DESPATCHED
On...13/8/21...



2/8/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1398(1)/2020/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽനമ്പർ: 10661/SIC-G4/2020)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഓഗസ്റ്റ് 2**

ശ്രീ. സിദ്ധീഖ് ടി.എ.,
തോട്ടുങ്ങൽഹൗസ്,
മാണിയംകാവ്, തെക്കുംമുറി പി.ഒ.,
പുത്തൻചിറ സൗത്ത് – 680 682. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ആഫീസ്,
സിവിൽ സ്റ്റേഷൻ,
ഇരിങ്ങാലക്കുട – 680 125.

2) അപ്പീൽ അധികാരി,
ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ആഫീസ്,
സിവിൽ സ്റ്റേഷൻ,
ഇരിങ്ങാലക്കുട – 680 125. — എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 11/11/2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. പ്രേംജി പി.ജി., സെക്ഷൻ ക്ലാർക്ക് ശ്രീ.ദിനേശ് പി.വി എന്നിവർ സമർപ്പിച്ച വിശദീകരണവും, ടിയാളുകളെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. പ്രേംജി പി.ജി. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ 19.03.2020–നാണ് ഓഫീസിൽ ലഭിച്ചതെന്നും ആ കാലയളവിൽ എസ്.പി.ഐ.ഒ.യുടെ ചുമതല വഹിച്ചിരുന്നത് ശ്രീമതി ഇന്ദിര ടി., പേഴ്സണൽ അസിസ്റ്റന്റ് റ്റു ജില്ലാ വിദ്യാഭ്യാസ അധികാരി

ആയിരുന്നുവെങ്കിലും ടിയാൾ 20.12.2019-ന് ട്രാൻസ്ഫർ ആയി പോയതിനാൽ 23.3.2020-ന് മാത്രമാണ് എസ്.പി.ഐ.ഒ.യുടെ ചുമതലയിൽ ശ്രീമതി സുജാത എം. ചാർജെടുത്തതെന്നും എന്നാൽ ടിയാൾ 24.3.2020 മുതൽ 17.9.2020 വരെ തുടർച്ചയായി അവധിയിൽ പ്രവേശിക്കുകയാണുണ്ടായത് എന്നും ഈ കാലയളവിലെ എസ്.പി.ഐ.ഒ.യുടെ ചുമതല ടിയാനായിരുന്നുവെന്ന് അറിഞ്ഞിരുന്നില്ലെന്നും, ഹർജിക്കാരന്റെ അപേക്ഷ 19.03.2020 തീയതി ടി കാര്യാലയത്തിൽ ലഭിച്ചിരുന്നുവെങ്കിലും കോവിഡ് മൂലം 21.03.2020 മുതൽ 21.4.2020 വരെ കാര്യാലയം പ്രവർത്തിച്ചില്ലെന്നും തുടർന്ന് 22.4.2020-ന് ഓഫീസ് അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് കാര്യാലയത്തിലെ പല ഫയലുകളും കാണാതിരിക്കുകയോ മറ്റു പല സെക്ഷനുകളിലേക്ക് മാറി പോവുകയോ ചെയ്തിട്ടുള്ളതാണെന്നും 21.4.2020-നുശേഷവും നാമമാത്രമായ ജീവനക്കാരാണ് കാര്യാലയത്തിൽ ഹാജരായതെന്നും നവംബർ 1-ാം തീയതി മുതൽക്കാണ് ജീവനക്കാർ പൂർണ്ണമായും ഹാജരായതെന്നും ദൗർഭാഗ്യവശാൽ ഹർജിക്കാരന്റെ അപേക്ഷയും മാറ്റി വച്ച ഫയലുകളുടെ കൂടെ ഉൾപ്പെട്ടതിനാൽ പ്രസ്തുത അപേക്ഷ കണ്ടെടുക്കുന്നതിന് കാലതാമസം നേരിട്ടുവെന്നും പ്രസ്തുത അപേക്ഷ കണ്ടെടുത്ത് പരിശോധിച്ചതിൽ സെക്ഷൻ ക്ലാർക്ക് 21.04.2020-ന് സമർപ്പിച്ചിട്ടുള്ളതാണെന്നും അന്നേ ദിവസം തന്നെ ആവശ്യമായ വിവരം എത്രയും വേഗം ലഭ്യമാക്കുവാൻ ഫയലിൽ നിർദ്ദേശം നൽകിയിരുന്നുവെന്നും തുടർന്ന് ബി2-സെക്ഷനിൽ നിന്നും നവംബർ മാസത്തിൽ ലഭിച്ച വിവരങ്ങൾ അപേക്ഷകന് 10.11.2020-നാണ് നൽകിയതെന്നുമാണ്.

2. പരാമർശിത കാലയളവിലെ സെക്ഷൻ ക്ലാർക്ക് ശ്രീ. ദിനേശ് പി.വി. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ശ്രീ. സിദ്ധിഖ് ടി.എ.യുടെ അപേക്ഷ 19.3.2020-ന് ലഭിച്ചിരുന്നു എന്നും എന്നാൽ മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ ആരംഭിച്ചതു മൂലം മാർച്ച് 19-ാം തീയതി വരെ പരീക്ഷാ ഡ്യൂട്ടി ആയിരുന്നു എന്നും മാർച്ച്-ഏപ്രിൽ മാസം കോവിഡ് വ്യാപനം മൂലം കാര്യാലയം 22.4.2020-ന് അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് പല ഫയലുകളും മാറി പോകാനും കാണാതാകാനും കാരണമായെന്നും 19.03.2020-ന് ലഭിച്ച അപേക്ഷ എസ്.എൽ.സി. പരീക്ഷാ ജോലി തിരക്കുകൾ കാരണം 21.4.2020-നാണ് സമർപ്പിച്ചതെന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിവരം മറ്റൊരു സെക്ഷനിൽ നിന്നും ലഭ്യമാക്കേണ്ടിയിരുന്നതിനാലും പല പല ഘട്ടങ്ങളിലായി കോവിഡ് മൂലം അടച്ചിടേണ്ടി വന്നതിനാലും അണുവിമുക്ത പ്രവർത്തനങ്ങൾക്കിടയിൽ ഫയൽ മാറി പോയതിനാലുമാണ് യഥാസമയം മറുപടി കൊടുക്കുവാൻ കഴിയാതിരുതെന്നുമാണ്.

3. ശ്രീ. പ്രേംജി പി.ജി., ശ്രീ. ദിനേശ് പി.വി. എന്നിവർ സമർപ്പിച്ച വിശദീകരണവും നേരിൽ കേട്ട വേളയിൽ ടിയാളുകൾ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിനു മാത്രമായി ആരെയും നിയമിച്ചിട്ടില്ലാത്തതിനാൽ എന്നതിനാൽ മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അവരവരുടെ ചുമതലയും നിർവ്വഹിക്കേണ്ടുന്നത് എന്നതിനാൽ ടിയാളുകളുടെ വിശദീകരണം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമത്തിലെ വകുപ്പ് 7 പ്രകാരം അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനകം അപേക്ഷകന് മറുപടി നൽകേണ്ടതാണ്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. യുടെ ചുമതല ശ്രീ. പ്രേംജി പി.ജി.യും ഡീംഡ് എസ്.പി.ഐ.ഒ.യുടെ ചുമതല ക്ലാർക്ക് ശ്രീ.ദിനേശ് പി.വി. യും ആയിരുന്നു വഹിച്ചിരുന്നത് എന്നാണ് നിലവിലെ എസ്.പി.ഐ.ഒ. ശ്രീ. ജോഷി പി.ആർ. കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ശ്രീ. പ്രേംജി പി.ജി.യെ അപ്രകാരം സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറായി സ്ഥാനനിർദ്ദേശം ചെയ്തിരുന്നില്ലെന്നാണ് ടിയാൻ ബോധിപ്പിച്ചിട്ടുള്ളത്. സ്ഥാനനിർദ്ദേശം ചെയ്തവർക്ക് മാത്രമേ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുവാൻ വ്യവസ്ഥയുള്ളു എന്നതിനാൽ ടി വിശദീകരണം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു.

4. ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയ കാലയളവിൽ എസ്.പി.ഐ.ഒ.യുടെ ചുമതല ശ്രീ. പ്രേംജി പി.ജി.ക്ക് രേഖാമൂലം നൽകിയിരുന്നില്ല എന്ന വസ്തുത പരിഗണിച്ചും ശ്രീ. പ്രേംജി പി.ജി., ശ്രീ. ദിനേശ് പി.വി. എന്നിവർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണം അംഗീകരിച്ചും ഇവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം ഒഴിവാക്കിക്കൊണ്ടും, ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം ടിയാളുകൾക്ക് നൽകിക്കൊണ്ടും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഓഗസ്റ്റ് 2-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

US

RIGHT TO INFORMATION